STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.40/PR/SPMC/PHQ/2023 Date: 22.04.2023

# അവധിക്കാലത്ത് വീടുപൂട്ടി പോകുന്നവർക്ക് പോൽ  ആപ്പിൽ വിവരം നൽകാം

വീടുപൂട്ടി യാത്ര പോകുന്നവർക്ക് ആ വിവരം പോലീസിൽ അറിയിക്കാൻ പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പ് ആയ പോൽ  ആപ്പിൽ ഏർപ്പെടുത്തിയ സൗകര്യം ഇതുവരെ 6894 പേർ വിനിയോഗിച്ചു.

അവധിക്കാലത്തും വാരാന്ത്യങ്ങളിലും വീട് പൂട്ടി നാട്ടിലും മറ്റും യാത്ര പോകുന്നവർക്ക് അക്കാര്യം പോലീസിനെ അറിയിക്കാനുള്ള സൗകര്യമാണ് ആപ്പിൽ ഉള്ളത്. ഈ സംവിധാനത്തിലൂടെ വീടിന്റെ വിലാസം നൽകിയാൽ ആ പ്രദേശങ്ങളിൽ പോലീസിന്റെ പ്രത്യേക നിരീക്ഷണവും പട്രോളിങ്ങും ഉണ്ടായിരിക്കും.

പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പ് ആയ പോൽ  ആപ്പ് ഇതുവരെ 7,01,000 ൽ പരം ആൻഡ്രോയ്ഡ് ഉപഭോക്താക്കൾ ഡൗൺലോഡ് ചെയ്തു. ഈ മൊബൈൽ ആപ്പ് ഉപയോഗിക്കുന്ന ഐഫോൺ ഉപഭോക്താക്കളുടെ എണ്ണം 64,515 ആണ്.

****************